# അക്ഷയജാലകം

ന്യൂസ് ബുള്ളറ്റിൻ

Issue - 2 **Enabling Akshaya is Empowering Kerala** 2017 October

# സാമ്പത്തിക സാക്ഷരതയിൽ മുന്നേറാൻ ഡിജിറ്റൽ കേരള



**ഇ**-സാക്ഷരതയിലൂടെ വിവര സാങ്കേതിക മേഖലയിൽ വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിച്ച കേരളം പുതിയൊരു കുതിപ്പിന് തയ്യാറെടുക്കുന്നു. ഓരോ കുടുംബത്തിലും ഒരാളെവീതം സാമ്പത്തിക സാക്ഷരതയിൽ സ്വയം പര്യാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിപുലമായ തയ്യാറെടുപ്പോടെ നടപ്പിലാക്കുന്ന ഡിജിറ്റൽ കേരളയ്ക്ക് അക്ഷയയാണ് നേതൃത്വം നൽകുന്നത്.

ബാങ്കിംഗ് മേഖലയിലും അനുബന്ധ പണമിടപാട് മേഖലയിലും കറൻസികളുടെ ഉപയോഗം കുറച്ചുകൊണ്ടുവരാനും ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിച്ച് സാധാരണ ജനങ്ങളെ വിവര സാങ്കേതിക മേഖലയുടെ ഗുണഫലങ്ങൾ ബോധ്യപ്പെടുത്തുവാനും ഇതുവഴി കഴിയണം. മൊബൈൽ ബാങ്കിംഗ്, നെറ്റ് ബാങ്കിംഗ് എന്നിവയടക്കം ഡിജിറ്റൽ പണമിടപാടിനുള്ള വിവിധ സംവിധാനങ്ങൾ പരിചയപ്പെടാനാകും.

ഓരോ പഞ്ചായത്തിലും വ്യത്യസ്ത മേലകളിലെ ജനങ്ങളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തും. കൂടാതെ കോളേജുകൾ, സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർ, ലൈബ്രറി പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ എല്ലാമേഖലയിലുമുള്ള ജനവിഭാഗങ്ങളെയും ഡിജിറ്റൽ കേരളയുടെ ഭാഗമാക്കി മാറ്റും. പ്രായോഗിക പരിശീലനമടക്കം ഇവർക്ക് നൽകി സ്വയം ഡിജിറ്റൽ സാമ്പത്തിക വിനിമയം നടത്താൻ പരിശീലന വേളയിൽ പ്രാപ്തരാക്കും. സംസ്ഥാനത്തുടനീളം വിപുലമായ പ്രചരണ പരിപാടികളും സംഘടിപ്പിക്കും.

## നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ

**ഇ**-ഡിസ്ട്രിക്ട് പോർട്ടൽവഴി ഇനി നോൺക്രിമീലെയർ സർട്ടിഫിക്കറ്റും നൽകാം. ഒക്ടോബർ മുതലാണ് ഈ സംവിധാനം നിലവിൽ വരുന്നത്. അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴിയും അപേക്ഷ നൽകാവുന്നതാണ്.




## 92 അക്ഷയ കേന്ദ്രങ്ങൾക്കുകൂടി പിൻപാഡ് മെഷീൻ

**മൈ**ക്രോ എ.ടി.എം- ആയി തെരഞ്ഞെടുക്കപ്പെട്ട അക്ഷയ സി.എസ്.സികൾക്ക് 92 പിൻ പാഡ് മെഷീനുകൾ കൂടി അനുവദിച്ചു. എസ്.ബി.ഐ ആണ് തെരഞ്ഞെടുത്ത അക്ഷയകേന്ദ്രങ്ങൾക്ക് മെഷീൻ അനുവദിച്ചിട്ടുള്ളത്. കാർഡ് സൈ്വപ്പ് ചെയ്ത് അക്ഷയ കേന്ദ്രങ്ങളിൽനിന്നും പണം പിൻവലിക്കാൻ ഇതുവഴി സാധിക്കും. പരമാവധി പതിനായിരം രൂപ വരെയാണ് ഇങ്ങനെ പിൻവലിക്കാൻ കഴിയുന്നത്. 5010 രൂപ വില വരുന്ന മെഷീൻ സംരംഭകർക്ക് സൗജന്യമായാണ് നൽകുന്നത്. ചെറിയ തുകകൾ ആവശ്യമായി വരുന്ന സാധാരണ ജനങ്ങൾക്ക് ഇത് ഏറെ പ്രയോജനകരമാണ്.

**SC/ST DEVELOPMENT DEPARTMENT**
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

t-grantz
Treatment Grant for SC/ST




# ടി-ഗ്രാന്റ്സ് അപേക്ഷ അക്ഷയ വഴി നൽകാം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധന സഹായ പദ്ധതിയായ ടി-ഗ്രാന്റ്സിനുള്ള അപേക്ഷ അക്ഷയ കേന്ദ്രങ്ങൾവഴി ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിച്ചശേഷം പ്രിന്റ് ഔട്ട് ആവശ്യമായ രേഖകളോടൊപ്പം ബന്ധപ്പെട്ട ഓഫീസിൽ നൽകണം.

അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ :

♦ബാങ്ക് പാസ്ബുക്കിന്റെ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയ പേജ്.

♦വരുമാന സർട്ടിഫിക്കറ്റ്

♦രോഗിയുടെ ജാതി സർട്ടിഫിക്കറ്റ്

♦മെഡിക്കൽ സർട്ടിഫിക്കറ്റ്

♦രോഗിയല്ല അപേക്ഷകനെങ്കിൽ രോഗിയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ.

♦എം.പി, എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരിൽനിന്ന് ശുപാർശക്കത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ അത്.

അപേക്ഷയോടൊപ്പം അറ്റാച്ച് ചെയ്യുന്ന രേഖകകൾ വ്യക്തതയുള്ളതും jpeg, jpg, png, pdf രീതിയിൽ ഉള്ളതുമായിരിക്കണം. അപേക്ഷ സൗജന്യമാണ്. വെബ്സൈറ്റ് : www.tgrantz.kerala.gov.in




ചിയാക്-ആർഎസ്ബിവൈ രജിസട്രേഷന്റെ സംസ്ഥാതല ഉദ്ഘാടനം കൊല്ലത്ത് മന്ത്രി ടി.പി. രാമകൃഷ്ണൻ നിർവ്വഹിക്കുന്നു.

## ചിയാക് രജിസ്ട്രേഷൻ ആരംഭിച്ചു.

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ 2018-19 വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. 2017-18 വർഷത്തിൽ കാർഡ് ലഭിച്ചിട്ടുള്ളവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. രജിസ്ട്രേഷന് കുടുംബാംഗങ്ങളിൽ ഒരാൾ മാത്രം അക്ഷയകേന്ദ്രത്തിൽ എത്തിയാൽ മതി. രജിസ്ട്രേഷൻ സൗജന്യമാണ്. എന്നാൽ അക്ഷയ കേന്ദ്രത്തിൽനിന്ന് ലഭ്യമാകുന്ന വിവിധതരം ഫോറങ്ങൾക്ക് നിശ്ചിതവില നൽകണം. ഒരു കുടുംബത്തിലെ പരമാവധി 14 അംഗങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്താവുന്നത്. എന്നാൽ കാർഡിൽ 5 പേരെ മാത്രമേ ഉൾപ്പെടുത്താൻ കഴിയൂ. 2017-18 വർഷത്തിൽ കാർഡ് പുതുക്കാൻ കഴിയാത്തവർക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ജി.എസ്.ടി പരിശീലനം

സംസ്ഥാനത്തെ മുഴുവൻ സംരംഭകർക്കും ജി.എസ്.ടിയിൽ പരിശീലനം നൽകിവരുന്നു. ചരക്ക് സേവന നികുതി പ്രാബല്യത്തിലായതോടെ മുഴുവൻ ബിസിനസ് സ്ഥാപനങ്ങളും ഇതിന്റെ പരിധിയിൽ വന്നുകഴിഞ്ഞു. അതുകൊണ്ട്തന്നെ വലിയ ബിസിനസ് സേവന സാദ്ധ്യതയാണ് ജി.എസ്.ടിയുമായി ബന്ധപ്പെട്ട് നിലവിൽ വന്നിട്ടുള്ളത്. എന്നാൽ ബഹുഭൂരിപക്ഷം സംരംഭകരും ജി.എസ്.ടി ഫയലിംഗ് സ്വയം ചെയ്യാൻ ബുദ്ധിമുട്ടുന്നുണ്ട്. ഈ പ്രശ്നം പരിഹരിച്ച് സംരംഭകരെ ജി.എസ്.ടി. സ്വയം ചെയ്യാൻ പ്രാപ്തരാക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം.

# സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കാൻ

സൈബർ ആക്രമണങ്ങൾ നിരന്തരമായി വാർത്തകളിൽ നിറയുന്ന കാലമാണിത്. അതീവ സുരക്ഷിതമായ മേഖലകളിൽപോലും ഹാക്കർമാർ നുഴഞ്ഞുകയറി സുരക്ഷാഭീഷണി ഉയർത്തുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന പ്രാഥമികമായ കാര്യങ്ങൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ പാലിക്കാൻ ശ്രദ്ധിക്കേതാണ്.

സംശയാസ്പദമായ സാഹചര്യത്തിൽ കിട്ടുന്ന ഇ-മെയിലുകളോ അറ്റാച്ചുമെന്റുകളോ തുറക്കാതിരിക്കുക.

വ്യക്തിപരമോ സാമ്പത്തികമോ ആയ വിവരങ്ങൾ അന്വേഷിച്ചുകൊുള്ള മെയിലുകൾക്ക് മറുപടി നൽകാതിരിക്കുക.

ഇ-മെയിൽ സന്ദേശങ്ങളുടെ ആധികാരികത ഉറപ്പു വരുത്തുക.

ആധികാരികവും വിശ്വസനീയവുമായ കേന്ദ്രത്തിൽ നിന്നല്ലാതെ മെയിൽവഴി ലഭിക്കുന്ന ഫോമുകളിൽ വ്യക്തിപരമായ വിവരങ്ങൾ നൽകാതിരിക്കുക.

വ്യക്തിഗത വിവരങ്ങൾ നൽകുന്നതിനു മുമ്പ് വെബ്സൈറ്റിന്റെ ആധികാരികത ഉറപ്പുവരുത്തുക.

സമൂഹ മാധ്യമങ്ങളിൽനിന്ന് സംശയകരമായ രീതിയിൽ ലഭിക്കുന്ന ഫോട്ടോകൾ, വീഡിയോകൾ എന്നിവ തുറക്കാതിരിക്കുക.

സമ്മാനങ്ങൾ ഓഫർ ചെയ്തുകൊുള്ള മെയിലുകൾക്ക് സാമ്പത്തിക വിവരങ്ങൾ നൽകരുത്.

ഓൺലൈൻ ഷോപ്പിംഗ് പോലുള്ള ആവശ്യങ്ങൾക്ക് പ്രത്യേക മെയിൽ ഐ.ഡി. ഉപയോഗിക്കുക.

## അക്ഷയയും കുടുംബശ്രീയും കൈകോർക്കുന്നു

സ്ത്രീശാക്തീകരണത്തിൽ ഇ-ഗവേർണൻസിന്റെ പങ്ക് ഉൾക്കൊണ്ട് കുടുംബശ്രീ ഐ.ടി.മേഖലയിലും ചുവടുറപ്പിക്കുന്നു. കുടുംബശ്രീ ഭാരവാഹികൾക്ക് ഐടി മേഖലയിൽ വൈദഗ്ധ്യം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിശീലനത്തിൽ അക്ഷയയ്ക്കും പങ്കാളിത്തം. ഓരോ പഞ്ചായത്തിലും തെരഞ്ഞെടുക്കപ്പെട്ട അഞ്ച് അംഗങ്ങൾക്കാണ് പരിശീലനം നൽകുന്നത്. കമ്പ്യൂട്ടറിന്റെ അടിസ്ഥാന വിവരങ്ങൾ, എം.എസ്.ഓഫീസ്, യൂണികോഡ് ടൈപ്പിംഗ്, ഇന്റർനെറ്റ്-ഇ മെയിൽ, ഡിജിറ്റൽ ഫിനാൻഷ്യൽ ലിറ്ററസി തുടങ്ങിയവയാണ് പരിശീലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഗൂഗിൾ വെബ് റേഞ്ചർ

സ്കൂൾ വിദ്യാർത്ഥികൾക്ക് ഫലപ്രദമായും സുരക്ഷിതമായും ഇൻറർനെറ്റ് ഉപയോഗിക്കുന്നതിനുള്ള പരിശീലനമായ ഗൂഗിൾ വെബ് റേഞ്ചർ കാസർഗോഡ് ജില്ലയിലെ മുഴുവൻ സർക്കാർ സ്കൂളുകളിലും നൽകി. ലേണിംഗ് ലിങ്ക് ഫൗണ്ടേഷനും ജില്ലാ ഭരണകൂടവും അക്ഷയ ജില്ലാ പ്രോജക്റ്റ് ഓഫീസും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്.

## ആധാർ ക്യാമ്പ് വഴിത്തിരിവായി: മാനസികാരോഗ്യകേന്ദ്രത്തിലെ അന്തേവാസികൾ സ്വന്തം വീടുകളിലേക്ക്

കുതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിൽ നടത്തിയ ആധാർ എൻറോൾമെന്റ് അനാഥരെന്നു കരുതിയിരുന്ന അന്തേവാസികളിൽ പലർക്കും പുതുജീവിതത്തിലേക്കുള്ള വഴി തുറന്നു. രോഗം മാറിയിട്ടും വീടിനെക്കുറിച്ചോ നാടിനെക്കുറിച്ചോ അറിയാൻ കഴിയാതെ മാനസികാരോഗ്യ കേന്ദ്രത്തിൽതന്നെ കഴിയാൻ വിധിക്കപ്പെട്ടവർക്കാണ് ആധാർ എടുക്കുന്ന വേളയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം മേൽവിലാസം കണ്ടെത്താനായത്. ഇവിടുത്തെ അന്തേവാസികളായ 255 പേർക്ക് ആധാർ എടുത്തപ്പോൾ 84 പേർ മുമ്പ് കാർഡുള്ളവരാണെന്ന് കണ്ടെത്തി. ഇവരിൽ സ്വന്തം പേരോ വീടോ നാടോ അറിയാത്തവരും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള 31 പേരുടെ യഥാർത്ഥ പേരും വിലാസവും യു.ഐ.ഡി.എ.ഐ.യുടെ സഹായത്തോടെ കണ്ടെത്തുകയായിരുന്നു. ഈ വിവരങ്ങൾ കോഴിക്കോട് കളക്ട്രേറ്റിൽ നടന്ന ചടങ്ങിൽ എ.ഡി.എം. ടി. ജനിൽകുമാർ മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ. രാജേന്ദ്രന് കൈമാറി. ജില്ലാ ഭരണകൂടം, അക്ഷയ ജില്ലാ പ്രോജക്ട്, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരിയിൽ നടന്ന ആധാർ എൻറോൾമെന്റിനെത്തുടർന്ന് നടത്തിയ പ്രവർത്തനങ്ങളാണ് ഇപ്പോൾ ഫലപ്രാപ്തിയിലെത്തിയത്.

## സംരംഭകർക്ക് സാങ്കേതിക പരിശീലനം

സോഫ്റ്റ് സ്കില്ലിനൊപ്പം സാങ്കേതിക മേഖലയിലും സംരംഭകരെ വൈദഗ്ധ്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഐ.സി.ടി. അക്കാഡമിയുടെ നേതൃത്വത്തിൽ പരിശീലനം ആരംഭിച്ചു. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങൾ മുതൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ എന്നിവയിലടക്കമാണ് സംരംഭകർക്ക് മൂന്നു ദിവസം പരിശീലനം നൽകുന്നത്.

# അറിഞ്ഞും അറിയിച്ചും മുന്നോട്ടുപോയാൽ വിജയം സുനിശ്ചിതം

*Success Story*



**ബിനു കെവി, വടശ്ശേരിക്കര അക്ഷയ കേന്ദ്രം (PTA 107), പത്തനംതിട്ട**

സ്വന്തമായി വരുമാനമുണ്ടാക്കുക എന്നതിനോടൊപ്പംതന്നെ മറ്റുള്ളവരെ പരമാവധി സഹായിക്കുകയും സേവനപ്രവർത്തനങ്ങളിൽ പങ്കാളിയാവുകും ചെയ്യുകവഴി ഒരു സംരംഭകന് വിജയത്തിന്റെ വഴി കണ്ടെത്താനാകും. നൂതനമായ പല പ്രവർത്തനങ്ങളും വടശ്ശേരിക്കര അക്ഷയകേന്ദ്രത്തിൽ നടപ്പിലാക്കി. അവ വിജയമായിരുന്നുവെന്ന് അനുഭവത്തിൽനിന്ന് തെളിയുകയും ചെയ്തു. അക്ഷയ നൽകുന്ന സേവനങ്ങൾക്കുപരി നാം സ്വന്തമായി അവസരങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്താൻകൂടി തയ്യാറാകണം. അതോടൊപ്പം അക്ഷയയുടെ സേവനങ്ങളെ പരമാവധി മാർക്കറ്റ് ചെയ്യാനും നാം ശ്രമിക്കണം.

ബിസിനസ് സാദ്ധ്യതകൾ എങ്ങനെ വർദ്ധിപ്പിക്കാം എന്ന ചിന്തയിൽ നിന്നാണ് സെന്ററിൽ ഒരു എൽ.ഇ.ഡി. ടിവി സ്ഥാപിക്കുവാൻ തീരുമാനിച്ചത്. അക്ഷയുടെ സേവനങ്ങൾ, അറിയിപ്പുകൾ, പരസ്യങ്ങൾ എന്നിവ സെന്ററിലെത്തുന്നവർക്കു ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ശബ്ദക്രമീകരണം നടത്തി പ്രക്ഷേപണം നടത്തിത്തുടങ്ങി. പരസ്യങ്ങൾ നല്ലൊരു വരുമാന മാർഗ്ഗമായി. ടിവി വാങ്ങിയ തുക പരസ്യത്തിലൂടെ മാത്രം ലഭിച്ചു. പരസ്യങ്ങൾ ക്യാൻവാസ് ചെയ്യാൻ ഒരു സ്റ്റാഫിനെയും നിയമിച്ചു. ഇപ്പോൾ ഒരു വർഷത്തേക്കുള്ള പരസ്യം നിലവിലുണ്ട്. അക്ഷയയുടെ ഒരു പ്രവർത്തനത്തിനും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിലാണ് ഇതു നടന്നുവരുന്നത്. ഇന്നിതൊരു നല്ല വരുമാന മാർഗ്ഗമാണ്. ഓരോ പുതിയ പ്രോജക്ട് വരുമ്പോഴും അത് പരമാവധി ആളുകളിലെത്തിക്കാനാവശ്യമായ പരമാവധി പരസ്യങ്ങൾ എല്ലാ മാർഗ്ഗങ്ങളിലൂടെയും നൽകുന്നു.

ഇതോടൊപ്പംതന്നെ സേവനരംഗത്തും പരമാവധി സഹായം ചെയ്തുവരുന്നു. രോഗികൾക്കും പാവപ്പെട്ടവർക്കുമായി രണ്ടാം ശനിയാഴ്ച സൗജന്യമായി സേവനങ്ങൾ നൽകുന്നു. ഈ ദിവസം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷകൾ സൗജന്യമായി ചെയ്തുവരുന്നു. സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അറിയിപ്പുകളും ലഘുലേഖകളും ലഭ്യമാകുന്ന മുറയ്ക്ക് സെന്റർവഴി വിതരണം ചെയ്യുന്നു. ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റി പ്രസിദ്ധീകരിച്ച "നമ്മൾക്ക് അയൽക്കാരെ സഹായിക്കാം" എന്ന ലഘുപുസ്തകവും ജില്ലാ ശുചിത്വമിഷന്റെ പ്രസിദ്ധീകരണങ്ങളും അക്ഷയകേന്ദ്രംവഴി വിതരണം ചെയ്യുന്നു. പഞ്ചായത്തിലെ ഗ്രാമസഭ, തൊഴിലുറപ്പ് പദ്ധതി എന്നിവയെക്കുറിച്ചുള്ള അറിയിപ്പുകൾ അക്ഷയകേന്ദ്രത്തിലെ വാർത്താബോർഡിൽ പ്രദർശിപ്പിക്കും. ദിവസവും 100 മുതൽ 300 വരെ ആളുകൾ അക്ഷയകേന്ദ്രം സന്ദർശിക്കുന്നുണ്ട്. ഇന്ന് നല്ല നിലയിൽത്തന്നെയാണ് അക്ഷയകേന്ദ്രം പ്രവർത്തിക്കുന്നത്. സാമ്പത്തികനേട്ടത്തോടൊപ്പം ജനങ്ങളിൽനിന്ന് ലഭിക്കുന്ന അംഗീകാരവും സുപ്രധാനമാണ്. ഇവ രണ്ടും ചേർന്നാണ് എന്റെ സംരംഭകത്വത്തെ വിജയത്തിലേക്ക് നയിക്കുന്നത്.

## ഫാർമസി രജിസ്ട്രേഷൻ പരിശീലനം

കോഴിക്കോട്: വിവിധ സർക്കാർ വകുപ്പുകൾ പുതുതായി ആരംഭിച്ച ഓൺലൈൻ സേവനങ്ങളെക്കുറിച്ച് ജില്ലയിലെ അക്ഷയ സംരംഭകർക്കായി ഒരു ഏകദിന പരിശീലനം നടന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ബന്ധപ്പെട്ട ഹോമിയോ, അലോപ്പതി വിഭാഗങ്ങളുടെ ഡ്രഗ് ലൈസൻസ് അപേക്ഷ, പുതുക്കൽ, ഫാർമസിസ്റ്റുകളെ കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗ് ആധാർ സേവനങ്ങൾ, ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങൾ, ഐഡിയ മൊബൈൽ നമ്പർ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം എന്നിവയിലായിരുന്നു പരിശീലനം. ജി.എസ്.ടിയിൽ നിന്നുള്ള ഓഫീസർമാർ പരിശീലനത്തിന് നേതൃത്വം നൽകി

## റിപ്പോർട്ടുകളും രചനകളും

ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേതാണ്.

# ജില്ലാ വാർത്തകൾ



പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ച കണ്ണൂർ കടമ്പൂർ ഗ്രാമപഞ്ചായത്തിലെ കാടാച്ചിറ അക്ഷയ കേന്ദ്രത്തിന്റെ ഉദ്ഘാടനം പുരാവസ്തു തുറമുഖവകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിക്കുന്നു.



കാസർഗോഡ്: ബി.എസ്.എൻ.എൽ ആധാർ - മൊബൈൽ ലിങ്കിംഗ് ട്രെയിനിംഗ്.



മലപ്പുറം: പി.എസ്.സി. പരിശീലനം: പി.എസ്.സി ചെയർമാൻ എം.കെ. സക്കീർ ഉദ്ഘാടനം ചെയ്യുന്നു.



തൃശ്ശൂർ: പാസ്പോർട്ട് സേവാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റിൽ നടന്ന പരിശീലനം.



എറണാകുളം: പെരുമ്പാവൂരിൽ അന്യസംസ്ഥാനത്തൊഴിലാളികൾക്കായി നടത്തിയ പ്രത്യേക ആധാർ ക്യാമ്പിൽനിന്ന്.



ഇടുക്കി: ടി.ഗ്രാന്റ്സ് പരിശീലനം



പാലക്കാട് : ഏഷ്യൻ ഇൻഡോർ ഗയിംസിൽ സ്വർണം നേടിയ പി.യു. ചിത്രയ്ക്ക് കല്ലടിക്കോട് അക്ഷയ കേന്ദ്രത്തിൽ നൽകിയ സ്വീകരണം.

## വിജയകഥകൾ (Success stories) ക്ഷണിക്കുന്നു

അക്ഷയ ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് സംരംഭകരിൽനിന്നും വിജയകഥകൾ (Success stories) ക്ഷണിക്കുന്നു. സംരംഭകർ തനതായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടുകൾ, അക്ഷയ കേന്ദ്രം വിജയകരമായി നടത്തിക്കൊണ്ട് പോകുന്നതിനു സ്വീകരിച്ചിട്ടുള്ളതും മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതുമായ പ്രവർത്തനങ്ങൾ തുടങ്ങിയവ അയയ്ക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്നവ ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കും.

ഐ.ടി. മേഖലയുമായി ബന്ധപ്പെട്ടതും സംരംഭകർക്ക് പ്രയോജനകരവുമായ വിഷയങ്ങളെ അധികരിച്ചുള്ള ലേഖനങ്ങളും പ്രസിദ്ധീകരണത്തിനായി അയയ്ക്കാവുന്നതാണ്.